പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3398 | 19.06.2019-ലെ മറുപടിക്ക്

# സേഫ് കേരള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ആരംഭിച്ച സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്എന്ന് വെളിപ്പെടുത്താമോ; | (എ) | റോഡപകടങ്ങൾ മൂലം പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും പരമാവധി കുറയ്ക്കുക, സുരക്ഷിത യാത്ര പ്രദാനം ചെയ്യുക, അച്ചടക്കമുള്ള റോഡ് സംസ്കാരം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഡ്രൈവർ ഉൾപ്പെടെയുള്ള സ്ക്വാഡ് വാഹനങ്ങൾ Wet lease-ന് എടുക്കുന്നതിനും കൺട്രോൾ റൂമിന് ആവശ്യമായ ആളുകളെ ഔട്ട്സോഴ്സ് ചെയ്യുന്നതിനും റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്.<br>സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് ഓരോ ജില്ലകളിലും കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട വാഹനങ്ങൾ Wet lease ന് എടുക്കുന്നതിനുള്ള Request for Proposal-നും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of interest നും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള 24x7 പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ നിലവിലുള്ള സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. 'സേഫ് കേരള' പദ്ധതിക്കു വേണ്ടി മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരുടേയും 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരുടേയും സേവനം ലഭ്യമാണ്. 'സേഫ് കേരള' പദ്ധതിക്കാവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിന്റേയും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന്റേയും നടപടി പൂർത്തിയായി വരുന്നു. |
| (ബി) | മോട്ടോർ വാഹനവകുപ്പിന്റെ കീഴിലുള്ള നിരീക്ഷണ ക്യാമറകൾ നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ? | (ബി) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സ്പീഡ് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് സി-ഡാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. നിലവിലുള്ള ക്യാമറകൾ പരിപാലിക്കുന്നത് കെൽട്രോൺ ആണ്. ചേർത്തല - മഞ്ചേശ്വരം പാതയിലെ നിരീക്ഷണ ക്യാമറകളുടെ അറ്റകുറ്റപ്പണിക്ക് 29/08/2017-ൽ മോട്ടോർ വാഹന വകുപ്പിന് 14,96,165/- രൂപ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**